ഹദീസ്

# രോഗാദി ദുരിതങ്ങളിൽനിന്ന് പാഠം പഠിക്കാത്തവർ

അബ്ദുല്ലത്വീഫ് കൊടുവള്ളി

عَن عَامِر الرَّامِي رَضِي اللهُ عَنْه. قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ : إِنَّ الْمُؤْمِنَ إِذَا أَصَابَهُ السَّقَمُ ثُمَّ أَعْفَاهُ اللَّهُ مِنْهُ كَانَ كَفَّارَةً لِمَا مَضَى مِنْ ذُنُوبِهِ وَمَوْعِظَةً لَهُ فِيمَا يَسْتَقْبِلُ ، إِنَّ الْمُنَافِقَ إِذَا مَرِضَ ثُمَّ أُعْفِيَ كَانَ كَالْبَعِيرِ ، عَقَلَهُ أَهْلُهُ ، ثُمَّ أَرْسَلُوهُ فَلَمْ يَدْرِ لِمَ عَقَلُوهُ ، وَلَمْ يَدْرِ لِمَ أَرْسَلُوهُ .

**ആമിർ അർറാമി(റ)യിൽനിന്ന്. നബി (സ) പറഞ്ഞു: 'തീർച്ചയായും സത്യവിശ്വാസിയെ രോഗം ബാധിക്കുകയും പിന്നീട് അല്ലാഹു അയാൾക്ക് ശമനം നൽകുകയുമാണെങ്കിൽ അയാളുടെ കഴിഞ്ഞകാല പാപങ്ങൾക്ക് അത് പ്രായശ്ചിത്തവും ഭാവികാലത്തേക്ക് അയാൾക്ക് ഉപദേശവുമായിരിക്കും. കപടവിശ്വാസി രോഗിയാവുകയും പിന്നീട് അയാൾക്ക് ശമനം നൽകപ്പെടുകയുമാണെങ്കിൽ, അയാളുടെ നിലപാട് ഉടമസ്ഥർ കെട്ടിയിടുകയും പിന്നീട് അഴിച്ചുവിടുകയും ചെയ്ത, തന്നെ എന്തിനു കെട്ടിയിട്ടു, തന്നെ എന്തിനു വിട്ടയച്ചു എന്നറിയാത്ത ഒട്ടകത്തിന്റേതായിരിക്കും' (അബൂദാവൂദ് 2687, ശറഹുസ്സുന്ന 1432, ബൈഹഖി 6626, ഇബ്നു അബ്ദിൽബർറ് 4438, അബൂനുഐം 4740).**

രോഗാദി ദുരിതങ്ങൾ അല്ലാഹുവിന്റെ സുന്നത്തിന്റെ ഭാഗമാണ്. 'തന്റെ സൃഷ്ടികളിൽ അല്ലാഹു സ്വീകരിക്കുന്ന തീരുമാനം' എന്നാണ് ഇവിടെ അല്ലാഹുവിന്റെ സുന്നത്ത് എന്നതിന്റെ വിവക്ഷ. അതിന്റെ തേട്ടമനുസരിച്ചാണ് പ്രപഞ്ചം ചലിക്കുന്നത്. പ്രപഞ്ചത്തിലെ എല്ലാ ഏകകങ്ങളെയും അംശങ്ങളെയും ആ സുന്നത്താണ് ഭരിക്കുക. ഒരു സൃഷ്ടിയും അതിന്റെ വലയത്തിൽനിന്ന് പുറത്തല്ല. പ്രപഞ്ചത്തിലെ ഓരോ അണുവിനും ചലനത്തിനും അതിന്റേതായ നിയമവും നടപടിക്രമവുമുണ്ട്. ഈ സുന്നത്തിന്റെ ഭാഗമായ രോഗാദി ദുരിതങ്ങളിൽനിന്ന് സത്യവിശ്വാസികൾക്കു മാത്രമായി ഇളവില്ല. എന്നുതന്നെയല്ല, സത്യനിഷേധികളേക്കാൾ കൂടുതലായി അവക്കിരയാവുക സത്യവിശ്വാസികളായിരിക്കും എന്നതും ആ നടപടിക്രമത്തിന്റെ തന്നെ ഭാഗമാണ് (സയ്യിദ് ഖുത്വ്ബ്).

ഇത് വിശ്വസിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന സത്യവിശ്വാസികൾ ദുരിതങ്ങളെ കേവല ഭൗതിക പ്രതിഭാസം എന്നതിനപ്പുറം ആത്മീയമായാണ് സമീപിക്കുക. ഭൗതിക സിദ്ധാന്തങ്ങൾ എന്തിനെയും ഭൗതികമായി മാത്രം നോക്കിക്കാണുമ്പോൾ ആത്മീയപ്രധാനമായി സമീപിക്കുന്നു എന്നതാണ് ഇസ്‌ലാമിന്റെ സവിശേഷത.

ദുരിതങ്ങളെയും പരീക്ഷണങ്ങളെയും തന്റെ ഭാഗത്തുനിന്നുള്ള തെറ്റുകൾക്കുള്ള അല്ലാഹുവിന്റെ പ്രതികരണമായി കാണുകയാണ് ഇവിടെ. സച്ചരിതരായ മുൻഗാമികളുടെ നിലപാട് അങ്ങനെയായിരുന്നു. പാപങ്ങൾ പൊറുക്കാനും അല്ലാഹുവിങ്കൽ പദവികൾ ഉയരാനും പ്രതിഫലങ്ങളുടെ തുടർച്ച ഉറപ്പുവരുത്താനും സ്വർഗപ്രവേശത്തിനും മറ്റും രോഗം സഹായകമാവുന്നു. രോഗം ഭേദപ്പെടാൻ പ്രാർഥിക്കാമെന്ന് നബി (സ) പറഞ്ഞപ്പോൾ; വേണ്ട, ക്ഷമിച്ചുകൊള്ളാം എന്നുവരെ പറഞ്ഞ സംഭവങ്ങൾ വനിതകൾ ഉൾപ്പെടെ സ്വഹാബികളുടെ ജീവിതത്തിൽ കാണാം. രോഗങ്ങൾ പാപപരിഹാരകങ്ങളാണെന്ന ബോധ്യത്താൽ, അത് നഷ്ടപ്പെടാതിരിക്കാൻ അവർ സ്വീകരിച്ച നിലപാടായിരുന്നു അത്. 'മരത്തിൽനിന്ന് ഇലകൾ പൊഴിയും പോലെ രോഗം മൂലം പാപങ്ങൾ മായ്ക്കപ്പെടും' (ബുഖാരി, മുസ്‌ലിം). 'സുഖസമൃദ്ധിയാൽ നിങ്ങൾ സന്തോഷിക്കുന്നതു പോലെ അവർ (നബിമാർ) പരീക്ഷണങ്ങൾക്കിരയാവുന്നതിൽ സന്തോഷിച്ചിരുന്നു' (ഇബ്നുമാജ 4024) എന്ന നബിവചനം, പരീക്ഷണങ്ങളുടെ നേരെ നബിമാരും സച്ചരിതരും സ്വീകരിച്ച ആത്മീയ സമീപനം വിളിച്ചോതുന്നുണ്ട് (*സ്വാദ്*: 44).

ഗതകാല പാപങ്ങൾ പൊറുക്കാൻ സഹായകമെന്ന പോലെ ഭാവിജീവിതത്തിൽ ധർമനിഷ്ഠമായ ജീവിതത്തിന് പ്രേരകമാംവിധം ഉപദേശമായും സത്യവിശ്വാസികൾക്ക് രോഗങ്ങൾ പാഠമായി ഭവിക്കുന്നു. ഹദീസിലെ 'മൗഇള' എന്നാൽ 'ഭയജനകമായ വിരട്ടൽ' എന്നാണർഥം. രോഗങ്ങൾക്ക് ഇങ്ങനെയൊരു മാനമുണ്ട്. സത്യവിശ്വാസികളിൽനിന്ന് ഭിന്നമായി കപടവിശ്വാസികൾ രോഗങ്ങളിൽനിന്ന് പാഠമുൾക്കൊള്ളുന്നില്ല. രോഗവും രോഗശമനവും അവരിൽ പ്രത്യേക മാറ്റങ്ങളുണ്ടാക്കുന്നില്ല. സത്യനിഷേധത്തിന്റെ വകഭേദമായ കപടവിശ്വാസമുള്ളവർക്ക് അതൊക്കെ പുല്ലുവിലയാണ്. 'വർഷത്തിൽ ഒന്നോ രണ്ടോ തവണ അവർ പരീക്ഷിക്കപ്പെടുന്നില്ലേ?' (*തൗബ*: 126) എന്ന് കപടന്മാരുടെ നിസ്സംഗ നിലപാടിനെപ്പറ്റി ഖുർആൻ പറയുന്നുണ്ട്. അവരുടെ നിലപാട് പ്രാപഞ്ചിക നടപടിക്രമങ്ങൾക്ക് അനുരോധമായി ജീവിക്കുന്ന മനുഷ്യരുടേതിനു വിരുദ്ധമാണ്. നരാധമന്മാർക്ക് മാത്രം ചേർന്നതാണ് ആ നിലപാട്. നബി(സ) അവരെ മൃഗസമാനരായാണ് വിശേഷിപ്പിക്കുന്നത്. ഈ ഹദീസിൽ ഒട്ടകത്തോടും മറ്റൊരു ഹദീസിൽ കഴുതയോടുമാണ് ഉപമിക്കുന്നത്. ഉടമസ്ഥൻ ചിലപ്പോൾ കെട്ടിയിടുന്നതും കെട്ടഴിച്ചുവിടുന്നതും എന്തിനാണെന്നു തിരിച്ചറിയാത്ത ഒട്ടകത്തെയും കഴുതയെയും പോലെ നിർഗുണനാണ് കപടവിശ്വാസി എന്നർഥം.

നിലപാടില്ല എന്നതാണ് മുനാഫിഖുകളുടെ നിലപാടെന്ന് അവരെക്കുറിച്ച ഖുർആൻ സൂക്തങ്ങൾ വിശദീകരിക്കുന്നുണ്ട്. അല്ലാഹുവിന്റെ പരീക്ഷണങ്ങൾക്കു പിന്നിൽ ചില ഉദ്ദേശ്യലക്ഷ്യങ്ങളുണ്ടെന്നും അതു മനസ്സിലാക്കി തങ്ങളുടെ നിലപാടുകൾ പരിഷ്കരിക്കേണ്ടതുണ്ടെന്നും അവർ ചിന്തിക്കുന്നില്ല. യജമാനന്റെ താൽപര്യം മനസ്സിലാക്കാൻ കഴിവില്ലാത്ത മൃഗങ്ങൾക്കു സമാനരായി അവർ അധഃപതിക്കുന്നു. സത്യവിശ്വാസിയുടേത് യാഥാർഥ്യത്തിലധിഷ്ഠിതവും കപടവിശ്വാസിയുടേത് ബുദ്ധിരഹിതവുമായ നിലപാടാണെന്നു സാരം. ●